എക്സ്പ്രസ്സിലും അതുപോലെതന്നെ മദ്രാസിൽ നിന്നും മംഗലാപുരത്തേയ്ക്ക് പോകുന്ന വൈസ്റ്റ് കോസ്റ്റ് എക്സ്പ്രസിൽ ഒരു കോച്ച് തിരുവനന്തപുരത്തേയ്ക്കും മലബാർ എക്സ്പ്രസ്സിലും ഘടിപ്പിച്ചതുകൊണ്ടാണ്. എന്നാൽ കണ്ണൂർ എക്സ്പ്രസ്സിലും മലബാർ എക്സ്പ്രസ്സിലും ഘടിപ്പിച്ചിരുന്ന ഈ കോച്ചുകൾ കഴിഞ്ഞ അഞ്ചു മാസക്കാലമായി നിറുത്തലാക്കിയിരിക്കുകയാണ്. ഇവ നിർത്തലാക്കിയതുമൂലം രോഗികൾക്കും പ്രായമായ ആളുകൾക്കും തിരുവനന്തപുരത്തേക്ക് വരുന്നതിന് വലിയ പ്രയാസം നേരിടുന്നു. ഇതിനെക്കുറിച്ച് റെയിൽവേ ഡിവിഷണൽ ഓഫീസർ അന്വേഷിച്ചപ്പോൾ അനുകൂലമായ മറുപടിയാണ് ലഭിച്ചത്. അവരും ഈ വിഷയത്തെ സംബന്ധിച്ച് മദ്രാസിലെ റെയിൽവേ ആസ്ഥാനത്ത് രണ്ടുമൂന്നു തവണ എഴുതി അറിയിച്ചിട്ടുണ്ടെങ്കിലും എയർബ്രേക്ക് ഇല്ല എന്ന കാരണം പറഞ്ഞു കൊണ്ട് ഈ ബോഗികൾ നിറുത്തലാക്കിയിരിക്കുകയാണ്. അത് പാലക്കാടിനോടുള്ള മദ്രാസ് റെയിൽവേ ആസ്ഥാനത്തിന്റെ വലിയ അവഗണനയാണ്. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നേരിട്ട് മദ്രാസിൽ പോയി റെയിൽവേ ജനറൽ മാനേജരേയോ അല്ലെങ്കിൽ ബന്ധപ്പെട്ട ആളുകളെയോ കണ്ട് ഈ കോച്ചുകൾ പുനഃസ്ഥാപിക്കണം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനമായ ഒരു കാര്യമാണ്. ഇത് നിറുത്തലാക്കിയത് പുനഃസ്ഥാപിക്കണമെന്ന് റെയിൽവേ ജനറൽ മാനേജരോട് ഒന്നു രണ്ടു പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്തു തന്നെ റെയിൽവേ അധികൃതരുമായി കേരളത്തിലെ റെയിൽവേയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ ഇതും ചർച്ച ചെയ്ത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കും.

(17) സെറിഫെഡ് കോർപ്പറേഷൻ ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സെറികൾച്ചർ ഫെഡറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളപരിഷ്കരണം ഇതുവരെ നടത്തിയിട്ടില്ല. അവരെ നിയമിച്ച കാലത്ത്, 1992-ലെ സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലാണ് നൽകിയത്. അവരുടെ നിയമനത്തെ സംബന്ധിച്ച് ചില കേസുകളൊക്കെ ഉണ്ടായി. അതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് ഒരു വിധി വന്നു. സുപ്രീം കോടതി അത് സ്റ്റേ ചെയ്തു. പി.എസ്.സി. ക്ക് ഈ നിയമനം വിടാത്ത കാലത്തോളം ഐ. ഡി. ആക്ടനുസരിച്ച് ഈ ജീവനക്കാരെ നിയമിച്ച കോർപ്പറേഷനിൽ അവർക്ക് ജോലി തുടരാനുള്ള അവകാശമുണ്ട്. അത് ഏതായാലും ഒരു ഭാഗത്ത് ഇരിക്കട്ടെ. ആ കേസ് അവിടെ നിൽക്കുന്നു. വേണമെങ്കിൽ ഗവൺമെന്റിന് കൺഫർമേഷൻ നൽകാവുന്നതേയുള്ളൂ. അത് വേറൊരു ഭാഗത്തുനില്ക്കുന്നു. അതേ അവസരത്തിൽ പുതിയ ശമ്പള പരിഷ്കരണം അവർക്ക് നടപ്പിലാക്കിയിട്ടില്ല. അതിന് ഗവൺമെന്റ് പറയുന്ന ന്യായം ഇവരുടെ കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നാണ്. അതായത് അവരുടെ അപ്പോയിന്റുമെന്റിനെ സംബന്ധിച്ചുള്ള കേസ് അവർക്ക് നേരത്തെ തന്നെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിരുന്നു. ആ ശമ്പള സ്കെയിൽ അവർക്ക് പിരിച്ചു വിട്ടാലും ഇല്ലെങ്കിലും കിട്ടാനുള്ള എല്ലാവിധ അർഹതയുമുണ്ട്. അതുകൊണ്ട് അവർക്ക് അത് നൽകണം. മാത്രമല്ല, അവർക്ക് വർദ്ധിച്ച ഡി. എ. പോലും നൽകുന്നില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത് സുപ്രീം കോടതിയിലെ കേസ് എന്തോ ആകട്ടെ. അവരെ റെഗുലറൈസ് ചെയ്യണം. സുപ്രീം കോടതിയുടെ തീരുമാനം വരുന്നതുവരെ ഗവൺമെന്റ് വെയിറ്റ് ചെയ്യരുത്. രണ്ടാമത്തെ കാര്യം അവർക്ക് ശമ്പള പരിഷ്കരണം നടത്തണം. ഡി.എ. അടിയന്തിരമായി നൽകണം. പുതിയ ശമ്പള സ്കെയിൽ അവർക്ക് നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1995 ഡിസംബറിൽ സെറിഫെഡിൽ ഏഴു തസ്തികകളിലായി 320 പേരെ നിയമിച്ചിരുന്നു. പ്രസ്തുത നിയമനങ്ങൾക്കെതിരെ അനേകം പെറ്റിഷനുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതി, സെറിഫെഡിൽ നടന്ന എല്ലാ നിയമനങ്ങളും റദ്ദു ചെയ്യുകയും ആറു മാസത്തിനകം പുതുതായി നിയമനങ്ങൾ നടത്തേണ്ടതാണെന്ന് 26-3-1999 ലെ വിധിയിലൂടെ നിർദ്ദേശിക്കുകയും ചെയ്തു. ഈ വിധിക്കെതിരെ സെറിഫെഡിലെ ജീവനക്കാർ ബഹുമാനപ്പെട്ട സുപ്രീ കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രസ്തുത പെറ്റീഷന്മേൽ സുപ്രീം കോടതി 4-10-1999-ന് ഹൈക്കോടതിയുടെ മേൽപ്പറഞ്ഞ വിധി റദ്ദാക്കിക്കൊണ്ട് കേസുമായി ബന്ധപ്പെട്ട എല്ലാവർക്കും അവസരം നൽകി കേസ് വീണ്ടും കേൾക്കുന്നതിന് ഹൈക്കോടതിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകൾ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതിയിലുടെ അന്തിമ വിധി ലഭ്യമാക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സഹകരണ നിയമം റൂൾ 197 പ്രകാരം സെറിഫെഡിൽ നിയമിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും പ്രൊവിഷണലായി സർവ്വീസ് ബുക്ക് ഓപ്പൺ ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്. ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കൽ വാർഷിക ഇൻക്രിമെന്റ് നൽകൽ ഇവയിൻമേലും നിയമവശം പരിശോധിച്ച് വ്യക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(18) മലബാർ ദേവസ്വം ബോർഡ് രൂപീകരണം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, 1300-ഓളം വരുന്ന ക്ഷേത്രങ്ങളും 8500-ഓളം വരുന്ന ക്ഷേത്ര ജീവനക്കാരും ഉൾക്കൊള്ളുന്നതാണ് മലബാറിലെ എച്ച്. ആർ. എൻ. സി. യുടെ കീഴിലുള്ള ക്ഷേത്രങ്ങൾ. ശാന്തി മുതൽ എക്സിക്യൂട്ടീവ് ഓഫീസർ വരെയുള്ള ജീവനക്കാരാണ് ഈ ക്ഷേത്രങ്ങളുടെ കീഴിലുള്ള കേരളത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേതും കൊച്ചി ദേവസ്വം ബോർഡിന്റേയും കീഴിലുള്ള ഉദ്യോഗസ്ഥരെപ്പോലെതന്നെ ജോലി ചെയ്യുന്ന മലബാറിലെ ക്ഷേത്ര ജീവനക്കാർ വളരെ തുച്ഛമായ ശമ്പളത്തിലാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. 1995-ൽ അവർക്ക് ഒരു കോടിരൂപ ശ്രീ.എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ നൽകിയിരുന്നു. ഈ ഗവൺമെന്റ് ശമ്പള പരിഷ്കരണം കൊണ്ടുവന്നു എങ്കിലും ഓരോ

LIBRARY ARCHIVES Kerala Legislative Assembly